(സി) ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുന്നതിന് എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനം എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് അറിയിക്കാമോ?

നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പത്ത് എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ വിവിധ അസസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭിക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കികൊടുക്കുന്നുണ്ട്.

## റവന്യൂ രേഖകളുടെ ഡിജിറ്റൈസേഷൻ

30 (*390) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളിലെ തണ്ടപ്പേര് രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) റവന്യൂ രേഖകൾ കാലപ്പഴക്കം കാരണം നശിച്ചുപോകുന്നതും സൂക്ഷിക്കുന്നതിലുണ്ടാകുന്ന വീഴ്ചകളും പലപ്പോഴും പൊതുജനങ്ങൾക്കും സർക്കാരിനും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നത് ഒഴിവാക്കുന്നതിന് ഇവ ഡിജിറ്റൈസ് ചെയ്ത് സൂക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നതിനാൽ അടിയന്തരമായി ഇത്തരം രേഖകൾ പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ഉണ്ട്. സംസ്ഥാനത്തെ 1666 വില്ലേജുകളിൽ 1656 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്ററുകളും 1607 വില്ലേജുകളിലെ തണ്ടപ്പേർ രജിസ്റ്ററുകളും ഡിജിറ്റൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന പോർട്ടൽ മുഖേന പോക്കുവരവ്, ഭൂനികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനും തണ്ടപ്പേർ രജിസ്റ്റർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവ സ്കാൻ ചെയ്ത് ReLIS-മായി ബന്ധിപ്പിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റവന്യൂ രേഖകൾ കാലപ്പഴക്കം കാരണം ഉപയോഗയോഗ്യമല്ലാതാകുന്നതും നശിച്ചുപോകുന്നതും ഒഴിവാക്കുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ മുഴുവൻ വില്ലേജുകളിലെയും പ്രധാനപ്പെട്ട രേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ (TPR) എന്നിവ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി ഓൺലൈനായി സൂക്ഷിക്കുകയും ഈ രേഖകളുടെ ഓൺലൈൻ പരിശോധന സാധ്യമാക്കുകയും ചെയ്യുന്ന ഡോക്യുമെന്റ് മാനേജ്മെന്റ് സിസ്റ്റം (DMS) എന്ന പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. കൂടാതെ സർവ്വേയും ഭൂരേഖയും വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള റീസർവ്വേ റിക്കാർഡുകളും മുൻ റിക്കാർഡുകളും ഡിജിറ്റൈസ് ചെയ്ത് സംരക്ഷിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കെട്ടിടനിർമ്മാണത്തിന് മണ്ണുപരിശോധന

1(4011) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുമുമ്പുള്ള മണ്ണ് പരിശോധനയ്ക്ക് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഒഴിവാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ണ് പരിശോധനയ്ക്കായി അക്രെഡിറ്റഡ്/എംപാനൽഡ് ഏജൻസികളെ ചുമതലപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ?

(എ&ബി) സംസ്ഥാനത്ത് കെട്ടിട നിർമ്മാണത്തിനായുള്ള മണ്ണുപരിശോധന, ഡിസൈൻ വിഭാഗത്തിന്റെ കീഴിലുള്ള റീജിയണൽ ഇൻവെസ്റ്റിഗേഷൻ ലാബും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗവുമാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കുന്ന സോയിൽ ടെസ്റ്റ്, പ്രവൃത്തിയുടെ ഭരണാനുമതി ലഭിച്ചതിനുശേഷം മാത്രമാണ് ആരംഭിക്കുന്നത്. സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളെ നോൺ പി.എം.സി. ആയി അക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly